മഹാത്മാ ഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ: 0481-2733370

# വാർത്താക്കുറിപ്പ്

2024 ഓഗസ്റ്റ് 7

## പി.ജി പ്രവേശനം: അന്തിമ അലോട്ട്മെന്റിന് രജിസ്റ്റർ ചെയ്യാം

മഹാത്മാ ഗാന്ധി സർവകാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനത്തിനുള്ള അന്തിമ അലോട്ട്മെന്റിന്റെ രജിസ്ട്രേഷൻ ആരംഭിച്ചു. നാളെ(ഓഗസ്റ്റ് 8) വൈകുന്നേരം നാലുവരെ ഓൺലൈനിൽ രജിസ്റ്റർ ചെയ്യാം.

ആദ്യ അലോട്ട്മെന്റ് പട്ടികകളിൽ ഉൾപ്പെടാത്തവരും അലോട്ട്മെന്റ് ലഭിച്ചശേഷം പ്രവേശനം എടുക്കാത്തവരും ഇതുവരെ അപേക്ഷിക്കാത്തവരും ഉൾപ്പെടെയുള്ളവർക്ക് പുതിയതായി ഓപ്ഷൻ നൽകുകയും രജിസ്ട്രേഷൻ നടത്തുകയും ചെയ്യാം
(പി.ആർ.ഒ/39/716/2024)

## പരീക്ഷാ ഫലം

ഒന്നും രണ്ടും സെമസ്റ്റർ ബാച്ചിലർ ഓഫ് ആർക്കിടെക്ചർ (ബിആർക്ക്) (2021 അഡ്മിഷൻ സപ്ലിമെന്ററി മാർച്ച് 2024), പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 21 വരെ ഓൺലൈനിൽ സമർപ്പിക്കാം.
....................

നാലാം സെമസ്റ്റർ എംഎ ബിസിനസ് ഇക്കണോമിക്സ് (2022 അഡ്മിഷൻ റെഗുലർ, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2024), പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 21 വരെ ഓൺലൈനിൽ സമർപ്പിക്കാം.
(പി.ആർ.ഒ/39/715/2024)

## പരീക്ഷക്ക് അപേക്ഷിക്കാം

ഒന്നും രണ്ടും സെമസ്റ്റർ എംഎ,എംഎസ്സി,എംകോം പ്രൈവറ്റ് രജിസ്ട്രേഷൻ(2022 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി), പരീക്ഷകൾക്ക് ഓഗസ്റ്റ് 21 വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം. ഓഗസ്റ്റ് 23ന് ഫൈനോടു കൂടിയും 27ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.
....................

രണ്ടാം സെമസ്റ്റർ എക്സ്റ്റേണൽ എംഎസ്ഡബ്ല്യു (20232025 റെഗുലർ ബാച്ച് ഐയുസിഡിഎസ്) പരീക്ഷകൾ സെപ്റ്റംബർ 21 ന് ആരംഭിക്കും. പിഴകൂടാതെ ഓഗസ്റ്റ് 17 വരെ അപേക്ഷ സമർപ്പിക്കാം.
(പി.ആർ.ഒ/39/715/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**